روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

روضة الخطباء

sufaraulislam.com

**അമൂല്യമായ പത്തു ദിനങ്ങൾ**

22/04/2022

بسم الله الرحمن الرحيم

- സമയം അതിവേഗതയിൽ ഓടിക്കൊണ്ടിരിക്കുന്നു.
- റമദാനിനെ സന്തോഷത്തോടെ സ്വീകരിച്ച നാം അതിന്റെ അവസാനത്തിലേക്ക് പ്രവേശിക്കുകയാണ്.
- റമദാനിലെ പിന്നിട്ട ദിനങ്ങളിലേക്ക് തിരിഞ്ഞു നോക്കാനും വരാനിരിക്കുന്ന ദിവസങ്ങളെ ധന്യമാക്കാനും വിശ്വാസികൾ പരിശ്രമിക്കേണ്ടതുണ്ട്.
- ക്വുർആൻ അവതരിച്ച മാസമായ റമദാനിൽ ക്വുർആൻ പഠനത്തിനും പാരായണത്തിനും എത്ര സമയം മാറ്റി വെച്ചു?
- പാപമോചനത്തിന്റെ മാസമായ റമദാനിൽ അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങാൻ നമുക്ക് ആയിട്ടുണ്ടോ?
- ആദർശ മേഖലക്ക് കരുത്തു പകർന്ന ബദറിന്റെ സ്മരണകൾ അയവിറക്കിയ നാം നമ്മുടെ ആദർശത്തിന്റെ സത്യ സന്ധത ഉറപ്പു വരുത്തിയോ?
- ചോദ്യങ്ങൾക്കെല്ലാം ഉത്തരം കണ്ടെത്തേണ്ടത് നമ്മളാണ്.
- ഇനി അവശേഷിക്കുന്നത് ഏതാനും ചില നോമ്പുകൾ മാത്രമാണ്.
- പ്രവേശിച്ചിരിക്കുന്നത് റമദാനിലെ അവസാനത്തെ പത്തിലേക്കാണ്.
- ഏറെ പ്രത്യേകതകൾ റമദാനിലെ അവസാന പത്തു ദിവസങ്ങൾക്കുണ്ട്.

**നബി (സ്വ) അവസാനത്തെ പത്താകുമ്പോൾ**

عن عائشة أم المؤمنين :كان إذا دخَلَ العَشرُ أحيا اللَّيلَ، وشَدَّ المِئزَرَ، وأيقَظَ أهلَه.

1. **രാത്രിയെ ജീവിപ്പിക്കും.**

(രാത്രി നമസ്കാരം/ഇഅ്തികാഫ്/ക്വുർആൻ പാരയാണം/ദിക്റുകളും ദുആകളും)

2. **മുണ്ട് മുറുക്കി എടുക്കും (തയ്യാറാവുക)**
3. **കുടുംബത്തെ വിളിച്ചുണർത്തും (ആരാധനകൾ അനുഷ്ഠിക്കാൻ വേണ്ടി)**

## ❖ സ്വദഖ

ആയിരങ്ങൾ പ്രയാസപ്പെടുന്നത് നാം വായിച്ചു കൊണ്ടിരിക്കുന്നു.

നമ്മുടെ ചുറ്റിലും പ്രയാസപ്പെടുന്നവരുണ്ടാകും.

- **സ്വദഖ നഷ്ടമല്ല, ലാഭമാണ്.**

عَنْ أَبِي هُرَيْرَةَ، عَنْ رَسُولِ اللَّهِ صلى الله عليه وسلم قَالَ :مَا نَقَصَتْ صَدَقَةٌ مِنْ مَالٍ وَمَا زَادَ اللَّهُ عَبْدًا بِعَفْوٍ إِلاَّ عِزًّا وَمَا تَوَاضَعَ أَحَدٌ لِلَّهِ إِلاَّ رَفَعَهُ اللَّهُ (مسلم)

അബൂഹുറൈറയിൽ (റ) നിന്ന് നിവേദനം: നബി(സ്വ)പറഞ്ഞു: ദാനം ധനത്തെ കുറക്കുകയില്ല. വിട്ടുവീഴ്ച ചെയ്യുന്ന ദാസന്റെ അന്തസ്സ് അല്ലാഹു വർധിപ്പിക്കുകയേയുള്ളൂ. അല്ലാഹുവിനുവേണ്ടി വിനയം കാണിക്കുന്നവനെ അല്ലാഹു ഉന്നതനാക്കും. (മുസ്‌ലിം)

- **നമ്മൾ നൽകുന്നതിന് അല്ലാഹു പകരം നൽകും.**

وما أنفقتم من شيء فهو يخلفه وهو خير الرازقين (٣٩/٣٤)

عَنْ أَبِي هُرَيْرَةَ ـ رضى الله عنه ـ أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : قَالَ اللَّهُ أَنْفِقْ يَا ابْنَ آدَمَ أُنْفِقْ عَلَيْكَ (بخاري)

അബൂഹുറൈറയിൽ (റ) നിന്ന് നിവേദനം: നബി(സ്വ)പറഞ്ഞു: അല്ലാഹു പറഞ്ഞിരിക്കുന്നു: ഹേ മനുഷ്യ പുത്രാ നീ ചെലവഴിക്കുക, (എങ്കിൽ) നിന്റെമേൽ ചെലവഴിക്കപ്പെടും. (ബുഖാരി)

عَنْ أَبِي هُرَيْرَةَ ـ رضى الله عنه أَنَّ النَّبِيَّ صلى الله عليه وسلم قَالَ: مَا مِنْ يَوْمٍ يُصْبِحُ الْعِبَادُ فِيهِ إِلاَّ مَلَكَانِ يَنْزِلاَنِ فَيَقُولُ أَحَدُهُمَا اللَّهُمَّ أَعْطِ مُنْفِقًا خَلَفًا، وَيَقُولُ الآخَرُ اللَّهُمَّ أَعْطِ مُمْسِكًا تَلَفًا (بخاري)

അബൂഹുറൈറ(റ) പറയുന്നു: നബി(സ്വ)പറഞ്ഞു: എല്ലാ ദിവസവും പ്രഭാതത്തിൽ രണ്ട് മലക്കുകൾ ഇറങ്ങിവരികയും എന്നിട്ട് അവരിൽ ഒരു മലക്ക് അല്ലാഹുവേ, (സമ്പത്ത് നല്ല കാര്യത്തിന്) ചിലവ് ചെയ്യുന്നവന് നീ പകരം കൊടുക്കേണമേ എന്നും മറ്റേ മലക്ക് അല്ലാഹുവേ, ചെലവഴിക്കാത്തവന് (പിശുക്ക് കാണിക്കുന്നവന്) നീ നാശം ഉണ്ടാക്കണമേ എന്നും പ്രാർത്ഥിക്കുന്നതാണ്.(ബുഖാരി)

**ഇബ്നു ബത്താൽ(റ) പറഞ്ഞു:**

قال ابن بطال رحمه الله :وَمَعْلُومٌ أَنَّ دُعَاءَ المَلاَئِكَةِ مُجَابٌ

തീർച്ചയായും മലക്കുകളുടെ പ്രാർത്ഥന ഉത്തരം ലഭിക്കപ്പെടുന്ന(പ്രാർത്ഥനയാണെന്നത്) അറിയപ്പെട്ട കാര്യമാണ്. (ശറഹ് സ്വഹീഹുൽ ബുഖാരി)

**ഇബ്നു ഉസൈമീൻ(റഹി) പറഞ്ഞു :**

إذا أراد الإنسان أن يتصدق قال: لا تتصدق هذا ينقص مالك، هذا يجعلك فقيرا، لا تتصدق، أمسك ولكن النبي صلى الله عليه وسلم أخبرنا بأن الصدقة لا تنقص المال

ഒരു മനുഷ്യൻ സ്വദഖ ചെയ്യാൻ ഉദ്ദേശിച്ചാൽ പിശാച് പറയും: നീ സ്വദഖ കൊടുക്കരുത്, അത് നിന്റെ ധനത്തിൽ കുറവ് വരുത്തും. അത് നിന്നെ ദരിദ്രനാക്കും, അതുകൊണ്ട് നീ

സ്വദഖ കൊടുക്കരുത്, അത് നീ പിടിച്ചു വെക്കുക. എന്നാൽ നബി (സ്വ) നമുക്ക് പറഞ്ഞത് സ്വദഖ ധനത്തിൽ കുറവ് വരുത്തില്ല എന്നാണ്.(ശറഹു രിയാളുസ്വാലിഹീൻ)

- നമ്മുടെ സമ്പത്തിൽ നിന്ന് അർഹരായവർക്ക് എത്തിക്കുക
- മക്കൾക്ക് പെരുന്നാൾ വസ്ത്രം വാങ്ങുമ്പോൾ അയൽവാസിയുടെ, കുടുംബത്തിൽ പെട്ട വരുടെ മക്കളെക്കൂടി പരിഗണിക്കുക.
- നന്മയുടെ പ്രകാശം പരത്തുന്ന സ്ഥാപനങ്ങൾ നമ്മുടെ ഇടയിലുണ്ട്. പീസ് റേഡിയോ എല്ലാവരും അംഗീകരിക്കുന്ന നന്മയുടെ ഗോപുരമാണ്.
- ജാരിയായ സ്വദഖയായി ഇത്തരം സംവിധാനങ്ങളെ ഉപയോഗപ്പെടുത്തുക.
- **നബി (സ്വ) യുടെ മാതൃക.**

عن عبدالله بن عباس قال: كانَ رَسولُ اللَّهِ صَلَّى اللهُ عليه وسلَّمَ أجْوَدَ النَّاسِ، وكانَ أجوَدُ ما يَكونُ في رَمَضَانَ حِينَ يَلْقَاهُ جِبْرِيلُ، وكانَ جِبْرِيلُ يَلْقَاهُ في كُلِّ لَيْلَةٍ مِن رَمَضَانَ، فيُدَارِسُهُ القُرْآنَ، فَلَرَسولُ اللَّهِ صَلَّى اللهُ عليه وسلَّمَ حِينَ يَلْقَاهُ جِبْرِيلُ أجْوَدُ بالخَيْرِ مِنَ الرِّيحِ المُرْسَلَةِ. . (بخاري)

## ❖ ഇഅ്തികാഫ്

- ഇഅ്തികാഫ് എന്നാൽ ഇബാദത്തുകളിൽ മുഴുകുക എന്ന ഉദ്ദേശത്തിൽ ഏതെങ്കിലും മ സ്ജിദിൽ കഴിഞ്ഞു കൂടലാണ്.
- ഇഅ്തികാഫ് എന്ന ഇബാദത് മുൻകഴിഞ്ഞ സമുദായങ്ങൾക്ക് വരെ നിശ്ചയിക്കപ്പെട്ട ഇബാദത്തുകളിൽ ഒന്നാണ്.
- കഅ്ബയുടെ പുനർനിർമ്മാണത്തിന് കൽപ്പിച്ച കൊണ്ട് ഇബ്രാഹീം നബിയോട് അല്ലാഹു പറഞ്ഞതു നോക്കു:

وَعَهِدْنَا إِلَىٰ إِبْرَاهِيمَ وَإِسْمَاعِيلَ أَن طَهِّرَا بَيْتِيَ لِلطَّائِفِينَ وَالْعَاكِفِينَ وَالرُّكَّعِ السُّجُودِ ﴿١٢٥﴾

## ❖ മുഹമ്മദ് നബി (സ്വ) യുടെ ഇഅ്തികാഫ്

عَنْ عَائِشَةَ زَوْجِ النَّبِيِّ ﷺ: أَنَّ النَّبِيَّ ﷺ كَانَ يَعْتَكِفُ العَشْرَ الأَوَاخِرَ مِنْ رَمَضَانَ حَتَّى تَوَفَّاهُ اللَّهُ، ثُمَّ اعْتَكَفَ أَزْوَاجُهُ مِنْ بَعْدِهِ»

നബി (സ്വ) അവിടുത്തെ മരണം വരെ റമദാനിന്റെ അവസാനത്തെ പത്തിൽ ഇ അ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. അവിടുത്തേക്ക് ശേഷം നബി (സ്വ) യുടെ ഭാര്യമാരും ഇഅ്തി കാഫ് ഇരിക്കാറുണ്ടായിരുന്നു. (ബുഖാരി)

## ❖ ഇഅ്തികാഫ് സുന്നത്താണ്.

ഇഅ്തികാഫ് സുന്നത്താണ് എന്നതിൽ പണ്ഡിതന്മാർക്കിടയിൽ ഏകാഭിപ്രായവുമുണ്ട്.

ഇബ്നുൽ മുൻദിർ -رَحِمَهُ اللَّهُ- പറഞ്ഞു: "ഇഅ്തികാഫ് സുന്നത്താണെന്നതിലും, നിർബന്ധമല്ല എന്നതിലും പണ്ഡിതന്മാർക്ക് ഏകാഭിപ്രായമുണ്ട്. എന്നാൽ ആരെങ്കിലും ഇഅ്തികാഫ് നേർച്ചയുടെ ഭാഗമാക്കി നിർബന്ധമാക്കിയാൽ അവന്റെ മേൽ അത് നിർബന്ധമാകും." (ഇജ്മാഅ്)

### ❖ ഇഅ്തികാഫ് ഉപേക്ഷിക്കുന്നവരെക്കുറിച്ച് ഇമാം സുഹ്രി.

ഇമാം സുഹ്രി (റ) പറയുന്നു: ജനങ്ങളുടെ കാര്യം അത്ഭുതം തന്നെ! അവരെങ്ങനെ യാണ് ഇഅ്തികാഫ് ഉപേക്ഷിക്കുക. നബി (സ്വ) പല (സുന്നത്തായ) പ്രവർത്തികളും ചിലപ്പോൾ ചെയ്യുകയും പിന്നീട് ഉപേക്ഷിക്കുകയും ചെയ്യാറുണ്ടായിരുന്നു. എന്നാൽ അവിടുന്ന് മരിക്കുന്നത് വരെ ഇഅ്തികാഫ് ഉപേക്ഷിച്ചിട്ടില്ല. (ഉംദത്തുൽ ഖാരീ:)

### ❖ സ്ത്രീകൾ ഇഅ്തികാഫ് ഇരിക്കുന്നതിന്റെ വിധി എന്താണ്?

- സ്ത്രീകൾ ഇഅ്തികാഫ് ഇരിക്കുന്നത് സുന്നത്താണെന്നാണ് ബഹുഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം.
- സ്വർഗസ്ത്രീകളുടെ നേതാവായ മർയം -عَلَيْهَا السَّلَامُ- ഇഅ്തികാഫ് ഇരുന്ന സംഭവം വിശുദ്ധ ഖുർആനിൽ പഠിപ്പിക്കുന്നുണ്ട്.
- നബി -ﷺ- യോടൊപ്പം അവിടുത്തെ ഭാര്യമാരിൽ അവിടുത്തെ ജീവിത കാലത്ത് തന്നെ ഇഅ്തികാഫ് ഇരുന്ന സംഭവവും സ്ഥിരപ്പെട്ടിട്ടുണ്ട്. (ബുഖാരി)

### ❖ ലൈലത്തുൽ ഖദ്ർ

- അല്ലാഹു വിശുദ്ധ ഖുർആൻ അവതരിപ്പിച്ചിട്ടുള്ളത് റമളാൻ മാസത്തിലെ ഒരു അനുഗ്രഹീത രാത്രിയിലാണ്

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : .  فِيهِ لَيْلَةٌ خَيْرٌ مِنْ أَلْفِ شَهْرٍ مَنْ حُرِمَ خَيْرَهَا فَقَدْ حُرِمَ

അതിൽ ആയിരം മാസത്തേക്കാൾ ശ്രേഷ്ഠമായ ഒരു രാത്രിയുണ്ട്. (നസാഇ)

إِنَّا أَنزَلْنَاهُ فِي لَيْلَةٍ مُّبَارَكَةٍ ۚ إِنَّا كُنَّا مُنذِرِينَ ( الدخان: ٣)

- **വിശുദ്ധ ഖുർആൻ അവതരിപ്പിച്ചിട്ടുള്ള രാത്രിയാണ് ലൈലത്തുൽ ഖദ്ർ.**

إنا أنزلنه فى ليلة ٱلقدر (القدر)

- മുഹമ്മദ് നബിക്ക് (സ്വ) വ്യത്യസ്ത സന്ദർഭങ്ങളിലായി ഇരുപത്തി മൂന്ന് വർഷം കൊണ്ടാണ് വിശുദ്ധ ഖുർആനിന്റെ അവതരണം പൂർത്തിയായത്.
- എന്നാൽ ഖുർആൻ നേരത്തെ തന്നെ അല്ലാഹുവിന്റെ പക്കൽ ലൌഹുൽ മഹ്ഫൂളിൽ (لوح المحفوظ) രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.

- പിന്നീട് ലൈലത്തുൽ ഖദ്റിൽ ഒന്നാം ആകാശത്തേക്ക് അല്ലാഹു അതിനെ അവതരിപ്പിക്കുകയാണുണ്ടായത്.

قَالَ ابْنُ عَبّاسٍ وَغَيْرُهُ: أَنْزَلَ اللهُ الْقُرْآنَ جُمْلَةً وَاحِدَةً مِنَ اللَّوْحِ الْمَحْفُوظِ إِلَى بَيْتِ الْعِزَّةِ مِنَ السَّمَاءِ الدُّنْيَا ثُمّ نَزَلَ مُفَصّلاً بِحَسْبِ الْوَقَائِعِ فِي ثَلَاثٍ وَعِشْرِينَ سَنَةً عَلَى رَسُولِ اللهِ صَلّى اللهُ تَعَالَى عَلَيْهِ وَسَلَّمَ

ഇബ്നു അബ്ബാസും (റ) മറ്റും പറയുന്നു: അല്ലാഹു ഖുർആനിനെ മുഴുവനായും ലൌഹുൽ മഹ്ഫൂളിൽ നിന്നും ഒന്നാം ആകാശത്തെ ബൈത്തുൽ ഇസ്സയിലേക്ക് അവതരിപ്പിച്ചു. പിന്നീട് ഓരോ സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ഇരുപത്തിമൂന്ന് വർഷങ്ങളിലായി റസൂലിന് (സ്വ) അതിനെ അവതരിപ്പിക്കുകയാണുണ്ടായത്. (തഫ്സീർ ഇബ്നു കസീർ)

- **ലൈലത്തുൽ ഖദ്റിന്റെ ശ്രേഷ്ഠതകൾ**

1. **വിശുദ്ധ ഖുർആൻ അവതരിപ്പിച്ച രാത്രി**
2. **അനുഗ്രഹീത രാത്രി**
3. **ആയിരം മാസത്തേക്കാൾ ഉത്തമമായ രാത്രി**
4. **മലക്കുകളും റൂഹും(ആത്മാവും) ഇറങ്ങുന്ന രാത്രി**

عَنْ أَبِي هُرَيْرَةَ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : لَيْلَةُ الْقَدْرِ لَيْلَةَ السَّابِعَةِ ، أَوِ التَّاسِعَةِ وَعِشْرِينَ ، وَإِنَّ الْمَلائِكَةَ تِلْكَ اللَّيْلَةَ أَكْثَرُ فِي الأَرْضِ مِنْ عَدَدِ الْحَصَى (إبن خزيمة)

അബൂഹുറൈറയിൽ (റ) നിന്ന് നിവേദനം: നബി (സ്വ) പറഞ്ഞു: ലൈലത്തുൽ ഖദ്ർ ഇരുപത്തി ഏഴിനോ ഇരുപത്തി ഒമ്പതിനോ ആണ്. ആ രാത്രിയിൽ ഭൂമിലോകത്തുണ്ടാകുന്ന മലക്കുകൾ (ഭൂമിയിലെ) മണൽ തരികളേക്കാൾ അധികമായിരിക്കും.

5. പ്രഭാതോദയം വരെ അത് സമാധാനമത്രെ

ലൈലത്തുൽ ഖദ്റിന്റെ രാത്രി പ്രഭാതോദയം വരെ സമാധാനമായിരിക്കും. കാരണം മലക്കുകൾ എല്ലാവിധ ഖൈറും ബറകത്തുമായിട്ടാണ് ഇറങ്ങുന്നത്.

### ❖ എന്നാണ് ലൈലത്തുൽ ഖദ്ർ ?

- ഒരിക്കൽ നബി (സ്വ) എന്നാണ് ലൈലത്തുൽ ഖദ്റെന്ന് സ്വഹാബത്തിനെ പഠിപ്പിക്കാൻ തുനിഞ്ഞിറങ്ങിയിരുന്നു. പക്ഷെ പിന്നീട് ആ അറിവ് മറക്കപ്പെടുകയും ഉയർത്തപ്പെടുകയുമാണുണ്ടായത്.
- അതേസമയം അതിനെ പ്രതീക്ഷിക്കാവുന്ന ദിവസങ്ങളുടെ സൂചനകൾ നബി (സ്വ) നൽകിയിട്ടുണ്ട്.

عَنْ عُبَادَةَ بْنِ الصَّامِتِ، قَالَ خَرَجَ النَّبِيُّ صلى الله عليه وسلم لِيُخْبِرَنَا بِلَيْلَةِ الْقَدْرِ، فَتَلاَحَى رَجُلاَنِ مِنَ الْمُسْلِمِينَ، فَقَالَ خَرَجْتُ لأُخْبِرَكُمْ بِلَيْلَةِ الْقَدْرِ، فَتَلاَحَى فُلاَنٌ وَفُلاَنٌ، فَرُفِعَتْ، وَعَسَى أَنْ يَكُونَ خَيْرًا لَكُمْ، فَالْتَمِسُوهَا فِي التَّاسِعَةِ وَالسَّابِعَةِ وَالْخَامِسَةِ (بخاري)

ഉബാദത്തുബ്നു സ്വാമിത്തിൽ (റ) നിന്ന് നിവേദനം: ലൈലത്തുൽ ഖദ്റിനെ കുറിച്ച് ഞങ്ങളെ അറിയിക്കുവാൻ നബി (സ്വ) ഒരിക്കൽ പുറപ്പെട്ടു. അപ്പോൾ മുസ്ലിംകളിൽപ്പെട്ട രണ്ടു പേർ തമ്മിൽ വഴക്ക് കൂടുകയുണ്ടായി. നബി (സ്വ) പറഞ്ഞു: ലൈലത്തുൽ ഖദ്റിനെ കുറിച്ച് നിങ്ങളെ അറിയിക്കുവാൻ വേണ്ടി ഞാൻ പുറപ്പെടുകയുണ്ടായി. അപ്പോൾ ഇന്നവനും ഇന്നവനും തമ്മിൽ വഴക്ക് കൂടുകയുണ്ടായി. അങ്ങനെ ആ വിജ്ഞാനം ഉയർത്തപ്പെട്ടു. ഒരു പക്ഷേ അതു നിങ്ങൾക്ക് ഗുണകരമായിരിക്കാം. അതുകൊണ്ട് നിങ്ങൾ അതിനെ ഒമ്പതിലും ഏഴിലും അഞ്ചിലും അന്വേഷിക്കുക. (ബുഖാരി).

عَنِ ابْنِ عَبَّاسٍ ـ رضى الله عنهما ـ أَنَّ النَّبِيَّ صلى الله عليه وسلم قَالَ: الْتَمِسُوهَا فِي الْعَشْرِ الأَوَاخِرِ مِنْ رَمَضَانَ لَيْلَةَ الْقَدْرِ فِي تَاسِعَةٍ تَبْقَى، فِي سَابِعَةٍ تَبْقَى، فِي خَامِسَةٍ تَبْقَى

ഇബ്നു അബ്ബാസിൽ (റ) നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: റമദാനിലെ ഒടുവിലത്തെ പത്തിൽ നിങ്ങൾ ലൈലത്തുൽ ഖദ്ർ പ്രതീക്ഷിക്കുവിൻ, (മാസത്തിലെ) അവശേഷിക്കുന്ന ഒമ്പതാം നാളിലും ഏഴാം നാളിലും അഞ്ചാം നാളിലും കാത്തിരിക്കുക. (ബുഖാരി)

❖ **ഇരുപത്തി ഏഴാം രാവും ലൈലത്തുൽ ഖദ്റും**

- ലൈലത്തുൽ ഖദ്ർ എല്ലാ വർഷവും റമളാനിലെ ഇരുപത്തിയേഴാം രാവിലാണ് സംഭവിക്കുക എന്ന ഒരു പ്രചരണം നമ്മുടെ നാടുകളിൽ കാണാം.
- യഥാർത്ഥത്തിൽ പ്രവാചകനിൽ നിന്നും അത്തരമൊരു അഭിപ്രായം സ്വീകാര്യയോഗ്യമായി ഉദ്ധരിക്കപ്പെട്ടിട്ടില്ല.

❖ **ലൈലത്തുൽ ഖദ്ർ എങ്ങനെ നേടിയെടുക്കാം.**

- മുൻകാല സമുദായങ്ങൾക്ക് കൂടുതൽ ആയുസ്സ് ഉണ്ടായിരുന്നത് കൊണ്ട് ദീർഘ കാലം പുണ്യങ്ങളിൽ മുഴുകാൻ അവർക്ക് സാധിച്ചു.
- ഈ ഉമ്മത്തിന് ആയുസ്സ് കുറവാണെങ്കിലും കുറഞ്ഞ സമയം കൊണ്ട് കൂടുതൽ പുണ്യം നേടാൻ ഈ രാവ് വഴി അല്ലാഹു അവസരം നൽകി.
- ഈ രാത്രിയിൽ നാം നിർവ്വഹിക്കുന്ന ഒരു കർമ്മത്തിന് മറ്റ് രാത്രികളിൽ ചെയ്യുന്ന കർമ്മത്തെക്കാൾ ആയിരം മാസങ്ങൾക്ക് തുല്യമായ പ്രതിഫലമുണ്ട്.
- ഓരോ വർഷവും ഈ രാവിനെ പ്രയോജനപ്പെടുത്തുന്ന വിശ്വാസി നൂറ്റാണ്ടുകൾ പുണ്യം ചെയ്യുവനായി മാറുകയാണ്.

- ലൈലത്തുൽ ഖദ്ർ എങ്ങനെ നേടിയെടുക്കാമെന്നതിന് നബിയുടെ (സ) ജീവിതത്തിൽ തന്നെ മാതൃകയുണ്ട്.

عَنْ عَائِشَةَ، قَالَتْ كَانَ رَسُولُ اللَّهِ صلى الله عليه وسلم يُجَاوِرُ فِي الْعَشْرِ الأَوَاخِرِ مِنْ رَمَضَانَ، وَيَقُولُ " تَحَرَّوْا لَيْلَةَ الْقَدْرِ فِي الْعَشْرِ الأَوَاخِرِ مِنْ رَمَضَانَ .(بخاري)

ആയിശ (റ) ൽ നിന്ന് നിവേദനം: നബി(സ) റമദാനിലെ അവസാനത്തെ പത്തിൽ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. അവിടുന്ന് പറയും. നിങ്ങൾ ലൈലത്തുൽ ഖദ്റിനെ റമദാനിലെ അവസാനത്തെ പത്തിൽ പ്രതീക്ഷിക്കുക. (ബുഖാരി)

عَنْ عَائِشَةَ رضى الله عنها قَالَتْ كَانَ رَسُولُ اللَّهِ صلى الله عليه وسلم يَجْتَهِدُ فِي الْعَشْرِ الأَوَاخِرِ مَا لاَ يَجْتَهِدُ فِي غَيْرِهِ (مسلم)

ആയിശയിൽ (റ) നിന്ന് നിവേദനം : നബി(സ) അവസാന പത്തിൽ മറ്റൊരു കാലത്തും ചെയ്യാത്ത വിധത്തിൽ ആരാധനാ കർമ്മങ്ങളിൽ കഠിനാധ്വാനം ചെയ്യാറുണ്ടായിരുന്നു.

عَنْ عَائِشَةَ رضى الله عنها ـ قَالَتْ كَانَ النَّبِيُّ صلى الله عليه وسلم إِذَا دَخَلَ الْعَشْرُ شَدَّ مِئْزَرَهُ، وَأَحْيَا لَيْلَهُ، وَأَيْقَظَ أَهْلَهُ

ആയിശയിൽ (റ) നിന്ന് നിവേദനം: അവർ പറയുന്നു: നബി (സ) അവസാനത്തെ പത്ത് ആയിക്കഴിഞ്ഞാൽ ഉടുമുണ്ട് മുറുക്കിയുടുക്കും. രാത്രിയെ (ആരാധനകൊണ്ട്) സജീവമാക്കുകയും വീട്ടുകാരെ വിളിച്ചുണർത്തുകയും ചെയ്യുക പതിവായിരുന്നു. (ബുഖാരി)

**സുഫ്യാനു സൗരി (رحمه الله) പറഞ്ഞു:**

അവസാനത്തെ പത്ത് വന്നെത്തിയാൽ രാത്രിയിൽ തഹജ്ജുദ് നിസ്കാരവും, കഠിന പരിശ്രമവും ചെയ്ത് സജീവമാക്കാനും, കുടുംബത്തിന് സാധ്യമാകുമെങ്കിൽ അവരെ വിളിച്ചുണർത്താനുമാണ് ഞാൻ ഇഷ്ട പ്പെടുന്നത്. [റമദാനിയ്യ]

---

ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.

മുമ്പ് തയ്യാറാക്കിയ ഖുത്തുബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.